# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

നമ്പർ. KSHEC-A4/334/PG.Fresh-17-18/2018 തീയതി. 12/01/2018

## വിജ്ഞാപനം

ഒന്നാം വർഷ ബിരുദാനന്തര ബിരുദ പഠനം (2014-15 ബിരുദ അഡ്മിഷൻ - Third Renewal) - ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കൽ

2014-15 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2017-18 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദാനന്തര ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കി ലഭിക്കാൻ ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റ് ആയ www.kshec.kerala.gov.in ൽ Higher Education Scholarship ൽ HE Scholarship 2014-15 – Online Registration, PG (3rd Renewal) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **15-01-2018** മുതൽ ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

**യോഗ്യത**

1. മൂന്നാം വർഷം ബിരുദതലത്തിൽ (Second Renewal) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷിച്ചിട്ടുള്ളവർ മാത്രം Third Renewal ന് അപേക്ഷിച്ചാൽ മതിയാകും.
2. 2017-18 അക്കാദമിക വർഷം ഒന്നാം വർഷം ബിരുദാനന്തര ബിരുദതലത്തിൽ കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ്, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജിലോ, യൂണിവേഴ്സിറ്റി പഠന വിഭാഗത്തിലോ, ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള അപ്ലൈഡ് സയൻസ് കോളേജുകളിലോ ആർട്സ്, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, സയൻസ്, കൊമേഴ്സ് വിഷയങ്ങളിലൊന്നിൽ പഠനം തുടരുന്നവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. (പ്രൊഫഷണൽ കോഴ്സുകളും സ്വാശ്രയ കോഴ്സുകളും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല).

**മിനിമം യോഗ്യതാ മാനദണ്ഡം**

അഞ്ചും ആറും സെമസ്റ്റർ ബിരുദ പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് അടിസ്ഥാനമാക്കി.

ജനറൽ വിഭാഗം : B

ഒ.ബി.സി, ബി.പി.എൽ, എസ്.സി/ എസ്.ടി,

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾ : C

**സ്കോളർഷിപ്പ് തുക – 40,000/-**

40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു.

**ബന്ധപ്പെട്ട മറ്റുവിവരങ്ങൾ**

1. അപേക്ഷകർക്ക് ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
2. മറ്റേതെങ്കിലും സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (ഹിന്ദി സ്കോളർഷിപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നിവയെ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

**അപേക്ഷിക്കേണ്ട രീതി**

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **15-01-2018** മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി www.kshec.kerala.gov.in എന്ന വെബ്സൈറ്റിലെ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന്, തുടർന്ന് HE Scholarship 2014-15 എന്ന തലക്കെട്ടിൽ Online Registration, PG (3rd Renewal) ൽ ക്ലിക്ക് ചെയ്യുക.
3. സ്ക്രീനിൽ കാണുന്ന പേജിൽ Online Registration Renewal ക്ലിക്ക് ചെയ്ത് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി submit ചെയ്യുക.
4. തുടർന്ന് വരുന്ന പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി submit ചെയ്യുക. (ചുവന്ന നക്ഷത്ര ചിഹ്നം നൽകിയിട്ടുള്ള വിവരങ്ങൾ നിർബന്ധമായും നൽകിയിരിക്കേണ്ടതാണ്.)
5. തുടർന്ന് സ്ക്രീനിൽ കാണുന്ന അപേക്ഷാഫോമിൽ **അഞ്ചും ആറും സെമസ്റ്റർ** പരീക്ഷയുടെ വിവരങ്ങൾ, അതായത് അപേക്ഷാഫോമിലെ 6-ാം നമ്പർ കോളത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ നൽകി submit ചെയ്യുക. (അഞ്ചും ആറും സെമസ്റ്റർ മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ "Awaiting Result" എന്ന ഓപ്ഷൻ കൊടുത്താൽ മതിയാകും. മാർക്ക് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉന്നത വിദ്യാഭ്യാസ കൗൺസിലിലേക്ക് അയച്ചുതരേണ്ടതാണ്.)
6. ശേഷം Registration step 2 ൽ ആവശ്യപ്പെട്ടിട്ടുള്ള ഡോക്യുമെന്റുകൾ അപ്ലോഡ് ചെയ്യുക. (JPEG/PDF Format, Maximum 1 MB)
7. വിജയകരമായി അപേക്ഷ നടപടികൾ പൂർത്തിയാക്കിയാൽ ലഭിക്കുന്ന പേജിൽ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുക്കുക.
8. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട്, പ്രസ്തുത പ്രിന്റ് ഔട്ടിന്റെ 10-ാം കോളത്തിൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക്

സമർപ്പിക്കേണ്ടതാണ്. **(സമർപ്പിക്കുന്ന രേഖകളുടെ ഒരു പകർപ്പ് വിദ്യാർത്ഥി കൈവശം സൂക്ഷിക്കേണ്ടതാണ്.)**

9. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും അപേക്ഷാഫോമിന്റെ പ്രിന്റ് ഔട്ടും നോഡൽ ഓഫീസർ പരിശോധിക്കേണ്ടതും (verification), ആ വിവരം ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്.
10. പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈനായി അംഗീകരിച്ചിരിക്കണം. (Approval)
11. അപേക്ഷാഫോമിന്റെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ **(15/02/2018)** കൗൺസിലിന്റെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

**<u>കൗൺസിലിൽ സമർപ്പിക്കേണ്ട രേഖകൾ</u>**

1. ഫോട്ടോ പതിച്ചതും വിദ്യാർത്ഥി ഒപ്പിട്ടതുമായ അപേക്ഷാഫോം. (ഈ ഫോം പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.)
2. വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിലെ അക്കൗണ്ട് നമ്പർ, IFSC കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.)
3. വിദ്യാർത്ഥിയുടെ അഞ്ചും ആറും സെമസ്റ്റർ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**<u>അവസാന തീയതി</u>**

1. ഓൺലൈനായി വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **31-01-2018.**
2. അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **05-02-2018.**
3. നോഡൽ ഓഫീസർ/സ്ഥാപന മേധാവി ഓൺലൈനായി Verification ഉം Approval ഉം പൂർത്തിയാക്കേണ്ട അവസാന തീയതി **09-02-2018.**
4. **<u>പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ കൗൺസിൽ ഓഫീസിൽ ലഭിക്കുന്നതിനുള്ള അവസാന തീയതി 15-02-2018.</u>**

**അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.**

**Sd/-**

**മെമ്പർ സെക്രട്ടറി**